# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ -322

08.02..2016-ലെ മറുപടിക്ക്

## ടൈറ്റാനിയം അഴിമതി കേസ്

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.വി.ശിവൻകുട്ടി :** | | **രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)** |
| (എ) ടൈറ്റാനിയം അഴിമതി കേസിൽ ഹൈക്കോടതി നല്കിയിരുന്ന സ്റ്റേ പിൻവലിക്കപ്പെട്ട സാഹചര്യത്തിൽ, വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്മേൽ, കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താൻ 28.8.14-ൽ എൻക്വയറി കമ്മീഷൻ ആന്റ് സ്പെഷ്യൽ ജഡ്ജ് പുറപ്പെടുവിച്ച ഉത്തരവ് നടപ്പിൽ വരുത്തിയിട്ടുണ്ടോ; | (എ) | 28.08.2014-ലെ ബഹുമാനപ്പെട്ട തിരുവനന്തപുരം ഇൻക്വയറി കമ്മീഷണർ ആൻറ് സ്പെഷ്യൽ ജഡ്ജ് കോടതിയുടെ ഉത്തരവ് പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 25.11.2014-ലെ WP(C) No.31497/2014, 19.11.2014-ലെ Crl.R.P.No. 1568/2014 എന്നീ ഉത്തരവുകൾക്ക് വിധേയമായും Crl.M.P.No.845/2006 നമ്പരായി തിരുവനന്തപുരം ഇൻക്വയറി കമ്മീഷണർ ആൻറ് സ്പെഷ്യൽ ജഡ്ജ് മുമ്പാകെ ഫയൽ ചെയ്ത അന്യായത്തിന്റെ അടിസ്ഥാനത്തിലും വി.സി.1/2015/എസ്.ഐ.യു-1 നമ്പരായി 20.01.2015-ൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ആരോപിതരായവരെ പ്രതിയാക്കി, കേസ് രജിസ്റ്റർ ചെയ്യുന്നതിന് തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; | (ബി) & (സി) | ബഹുമാനപ്പെട്ട ഹൈക്കോടതിവിധിയുടെ അടിസ്ഥാനത്തിൽ ബഹു. തിരുവനന്തപുരം വിജിലൻസ് കോടതിയുടെ C.M.P.No.845/2006 നമ്പർ ഉത്തരവു പ്രകാരം നിലവിൽ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-1, പോലീസ് സൂപ്രണ്ട് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) ആരോപിതരായിട്ടുള്ള എല്ലാവരെയും പ്രതിചേർത്ത് കേസ് രജിസ്റ്റർ ചെയ്യേണ്ട ചുമതല ആർക്കാണ്; ചുമതല നിയമാനുസൃതം പാലിക്കപ്പെട്ടിട്ടുണ്ടോ; | | |

(ഡി) എന്തെല്ലാം പരാതികളാണ് അന്വേഷണ വിധേയമാക്കിയിരുന്നത്; പരാതികളിൽ ആരോപിതർ ആരൊക്കെയായിരുന്നു; നിലവിൽ രജിസ്റ്റർ ചെയ്ത എഫ്.ഐ.ആറിൽ പ്രതികൾ ആരൊക്കെയാണ്; എഫ്.ഐ.ആർ-ന്റെ പകർപ്പ് ലഭ്യമാക്കുമോ?

(ഡി) C.M.P.No.845/2006 പരാതിയിന്മേൽ എഫ്.ഐ. ആർ രജിസ്റ്റർ ചെയ്ത വിജിലൻസ് കേസിൽ കുറ്റാരോപിതരായ വ്യക്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. മാനേജിംഗ് ഡയറക്ടർ (ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, കൊച്ചുവേളി, തിരുവനന്തപുരം)
2. ശ്രീ.ഈപ്പൻ ജോസ് (മുൻ മാനേജിംഗ് ഡയറക്ടർ ടി.ടി.പി ലിമിറ്റഡ്)
3. ശ്രീ.സന്തോഷ് കുമാർ (ചീഫ് മാനേജർ മാർക്കറ്റിംഗ്) ടി.ടി.പി ലിമിറ്റഡ്.
4. ശ്രീ.എം.എം.ഭാസ്കരൻ (എക്സിക്യൂട്ടീവ് ഡയറക്ടർ, ടി.ടി.പി ലിമിറ്റഡ്)
5. ശ്രീ. തോമസ് മാത്യു (മുൻ ചീഫ് കൊമേഴ്സ്യൽ മാനേജർ, ടി.ടി.പി ലിമിറ്റഡ്)
6. ശ്രീ.ബി.ഗോപകുമാരൻ നായർ (മുൻ ചീഫ് കൊമേഴ്സ്യൽ മാനേജർ, ടി.ടി.പി ലിമിറ്റഡ്)

എഫ്.ഐ.ആർ-ൻെറ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**